സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 48-52

പാലൈ
PALAI பாலை
ISSN No: 3049-0316

# മലയാള സിനിമയും മാജിക്കൽ റിയലിസവും

**ഫൗസിയ യൂസഫ്** *



## സംഗ്രഹം

മാജിക്കൽ റിയലിസം എന്ന വാക്കിനർത്ഥം മാന്ത്രിക യാഥാർത്ഥ്യം എന്നാണ് പ്രത്യക്ഷ അർത്ഥം പോലെതന്നെ മാന്ത്രികതയും യാഥാർത്ഥ്യവും ഇടകലർത്തിയുള്ള ആഖ്യാന രീതിയാണിത്. ഈ പ്രവണത ആദ്യം കാണുന്നത് ചിത്രകലയിലാണ്. ചിത്രകലയിൽ നിന്നു സാഹിത്യത്തിലേക്കും പിന്നീട് സിനിമയിലേക്കും ഈ രചനാതന്ത്രം കടന്നുവന്നു. ഇത്തരം രചനകളിലെ കഥാപാത്രങ്ങളുടെ പെരുമാറ്റവും ജീവിതവും വിചിത്രമാണ്. മാജിക്കൽ റിയലിസ്റ്റിക്കായ കഥാപാത്രത്തിന്റെ പെരുമാറ്റം ഒരു വിചിത്രമായ വികാരത്തെ ഉണർത്തുകയാണു ചെയ്യുന്നത്. വിശദീകരണങ്ങൾ ഒന്നും യുക്തിപരമായിരിക്കുകയില്ല. മായികമായ ഒരന്തരീക്ഷമായിരിക്കും ഇത്തരം കൃതികളിലുണ്ടാവുക. യക്ഷിക്കഥകളും സ്വപ്നങ്ങളും പുരാവൃത്തങ്ങളും ഈ രചനാരീതിയിൽ ഇടകലർന്നുവരുന്നു. വർണ്ണനകളെല്ലാംതന്നെ സർറിയലിസ്റ്റിക് ആയിരിക്കും. ലാറ്റിനമേരിക്കൻ എഴുത്തുകാരനായ ഗബ്രിയേൽ ഗാർസിയ മാർക്കേസ് മാജിക്കൽ റിയലിസത്തെ കുറിച്ച് അഭിപ്രായപ്പെടുന്നത് ഇങ്ങനെയാണ്: “മാജിക്കൽ റിയലിസം പ്രകൃത്യാതീതവും സ്വഭാവിക സമാധാനവും സഹവർത്തിത്വവും മാന്ത്രിക യാഥാർത്ഥ്യങ്ങളിലൂടെ സ്വയം പ്രകടിപ്പിക്കുന്നതുമാണ്. അത് അപരിചിതത്വവും പരിചിതത്വവും തമ്മിലുള്ള ഏറ്റുമുട്ടലാണ്” (Chronicle of a Death Untold: 15). ചരിത്രപരമായ ആശയങ്ങളും പുരാവൃത്തങ്ങളും എല്ലാം ഇടകലർത്തിയാണ് മാർക്കേസ് 'ഏകാന്തതയുടെ നൂറു വർഷങ്ങൾ' എന്ന നോവൽ എഴുതിയത്. യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ അയഥാർത്ഥമായതിനെ അവതരിപ്പിക്കുകയാണ് അദ്ദേഹം. മാജിക്കൽ റിയലിസത്തിന്റെ മാസ്റ്റർപീസ് എന്നറിയപ്പെടുന്ന നോവൽ ആണിത്. കൊളംബിയൻ എഴുത്തുകാരനായ ഗബ്രിയേൽ ഗാർസിയ മാർക്കേസ് ആണ് ലോകോത്തര മാജിക്കൽ റിയലിസ്റ്റ് എഴുത്തുകാരനായി അറിയപ്പെടുന്നത്. മലയാള സിനിമകളിൽ മാജിക്കൽ റിയലിസം ആവിഷ്കരിച്ചത് പൂർണമായും വിജയം കണ്ടെന്നുപറയാൻ സാധിക്കില്ല. കാരണം സിനിമയുടെ സാങ്കേതികതകളിൽ പരിമിതപ്പെടാനുള്ള സാഹചര്യമാണ് മാജിക്കൽ റിയലിസത്തിനുള്ളത്. മാജിക്കൽ റിയലിസത്തിന്റെ അംശങ്ങൾ ചില മലയാള സിനിമകളിൽ കാണാൻ സാധിക്കും. അങ്ങനെയുള്ള സിനിമകൾ അന്വേഷിക്കുമ്പോൾ ആയിരത്തി തൊള്ളായിരത്തി ഒന്നിൽ റിലീസ് ആയ ‘ഞാൻ ഗന്ധർവ്വൻ’ എന്ന സിനിമയും രണ്ടായിരത്തി പത്തിൽ പുറത്തിറങ്ങിയ ‘പ്രാഞ്ചിയേട്ടൻ ആൻ ദി സെയിന്റ്' എന്ന സിനിമയും മാജിക് റിയലിസ്റ്റിക് അംശങ്ങൾ ചെറിയ തോതിലെങ്കിലും ഉൾക്കൊള്ളുന്നവയാണ്.

**താക്കോൽ വാക്കുകൾ:** റിയലിസം - മാജിക്കൽ റിയലിസം - പുരാവൃത്തം - സർറിയലിസം - താരം

* ഗവേഷക, സെന്റ് തോമസ് കോളേജ്, പാലാ

മാജിക്കൽ റിയലിസം എന്ന ആഖ്യാനശൈലിയിൽ സൃഷ്ടിക്കപ്പെട്ട സിനിമകൾ മലയാളത്തിലുണ്ടാകുന്നത് രണ്ടായിരത്തി പത്തുകൾക്ക് ശേഷമാണ് രണ്ടായിരത്തി പതിമൂന്നിൽ ലിജോ ജോസഫ് പെല്ലിശ്ശേരിയുടെ സംവിധാനത്തിൽ ഒരുങ്ങിയ ആമേനും രണ്ടായിരത്തി പതിനെട്ടിൽ ലിജോ ജോസ് പെല്ലിശ്ശേരി തന്നെ സംവിധാനം ചെയ്ത ഈ. മ. യൗ ഉം ആണ് മാജിക്കൽ റിയലിസം എന്ന ആഖ്യാനശൈലിക്ക് മലയാളസിനിമയിൽ സാധ്യതകൾ നൽകുന്നത്. ഈ രണ്ടു സിനിമകളിൽ മാജിക്കൽ റിയലിസത്തിന്റെ ഘടകങ്ങൾ എങ്ങനെ കടന്നു വരുന്നു എന്നതിനെക്കുറിച്ച് പരിശോധിക്കാം.

കുമരങ്കരി എന്ന കായലോര ഗ്രാമത്തിന്റെ എൺപതുകളിലെ ജീവിതമാണ് ആമേൻ പറയുന്നത്. കായലരികത്തുള്ള ഗീവർഗീസ് പുണ്യാളന്റെ പള്ളിക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഈ പള്ളിയെ ചുറ്റിപ്പറ്റിയാണ് സിനിമയിലെ എല്ലാ സംഭവങ്ങളും നടക്കുന്നത്.

"Unless you see sighns and wonder's, you will not believe" (John 4:48)

ഈ മുഖവുരയോടെയാണ് സിനിമ തുടങ്ങുന്നത്. സിനിമയുടെ ആദ്യ സീനുകളിൽ ഒന്ന് കൊല്ലവർഷം അറുനൂറ്റി എഴുപത്തി ഒൻപതിൽ ടിപ്പുസുൽത്താൻ പള്ളി കൊള്ളയടിക്കാൻ ശ്രമിക്കുന്നതാണ്. ഇതിനുള്ള ശ്രമത്തിനിടയിൽ വലിയൊരു ശബ്ദത്തോടെയും പ്രകാശത്തോടും കൂടി പുണ്യാളൻ പ്രത്യക്ഷപ്പെടുകയാണ്. ഇത് കണ്ടിട്ട് ടിപ്പുവും സൈന്യവും പിന്തിരിഞ്ഞോടുകയാണ് . ഈ സംഭവം ആ ഗ്രാമത്തിലെ ഓരോ ആളും വിശ്വസിക്കുന്നുണ്ട്. കുമരങ്കരിയിലെ മനുഷ്യരെല്ലാം സിനിമയിലെ എല്ലാ രംഗങ്ങളിലും കാണപ്പെടുന്നത് വെള്ളവസ്ത്രത്തിൽ തന്നെയാണ്. ഗ്രാമത്തിലെ ഒരു പ്രമുഖ വ്യാപാരിയുടെ മകളായ ശോശന്നയും പള്ളിയിലെ കപ്യാരായ സോളമനും തമ്മിലുള്ള പ്രണയമാണ് സിനിമയുടെ ഇതിവൃത്തം. ഈ പ്രമേയത്തിൽ ഊന്നിക്കൊണ്ടാണ് ഓരോ സംഭവങ്ങളും സിനിമയിൽ സംഭവിക്കുന്നത്. മറ്റൊരു പ്രധാന സംഭവം ബാന്റ് മത്സരമാണ്. നിരന്തരം തോറ്റു കൊണ്ടിരിക്കുന്ന പള്ളിയുടെ ബാൻഡ് ആയ ഗീവർഗീസ് ബാൻഡ് ജയിക്കേണ്ടത് സോളമന്റെ കൂടി ആവശ്യമായി മാറുന്നു. സിനിമയിലെ ഓരോ രംഗവും തരുന്നത് അന്നുവരെ മലയാളി കണ്ടു ശീലിച്ചതിൽ നിന്നും വേറിട്ട ഒരു അനുഭവതലമാണ്. മായികമായ ഒരു അന്തരീക്ഷത്തിലൂടെയാണ് സിനിമ കാണുന്ന പ്രേക്ഷകൻ കടന്നുപോകുന്നത്. സിനിമയിലെ കഥാപാത്രങ്ങൾ ജീവിക്കുന്നതും പെരുമാറുന്നതുമെല്ലാം ഈ മായികമായ അന്തരീക്ഷത്തിലാണ്. കുമരങ്കരി എന്ന ഗ്രാമം ഒരു മായാഭൂമികയായി മാറുകയാണ് ഈ സിനിമയിൽ. ചെറിയ കാര്യങ്ങൾ വലിയ കാര്യങ്ങളായി തോന്നുന്ന അവിശ്വസിക്കേണ്ടതിനെ വിശ്വസിക്കേണ്ടി വരുന്ന മാജിക്കൽ റിയലിസം ഈ സിനിമയിലെ ഓരോ രംഗങ്ങളിലും പ്രേക്ഷകനെ വിസ്മയിപ്പിക്കുകയാണ്. സിനിമയിൽ കാണുന്ന പലതും ഒരിക്കലും തന്നെ സംഭവിക്കാൻ സാധ്യതയില്ലാത്തതാണ്. എന്നാൽ അവ വളരെ സാധാരണമായി തന്നെ അനുഭവപ്പെടുന്നു. ഈ അസാധാരണത്വം സിനിമയിലുടനീളം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണമായി ഫാദർ ഒറ്റപ്ലാക്കൻ പള്ളിയിൽനിന്നു സ്ഥാനമൊഴിയണമെന്ന സാഹചര്യം വരുമ്പോൾ പള്ളിയുടെ മുകൾത്തട്ടിൽനിന്നു വീഴുന്ന മരക്കഷണം അമ്പരപ്പ് ഉളവാക്കുന്നതാണ്. ആ മരക്കഷണം താഴെ വീഴുമ്പോൾ കാണിക്കുന്ന മെഴുകുതിരി നാളങ്ങളുടെ ഉലച്ചിലും പുണ്യാളന്റെ രൂപവുമെല്ലാം പ്രേക്ഷകനിൽ ഉണർത്തുന്നത് അസാധാരണമായ ഒരു അനുഭവതലമാണ്. മാജിക്കൽ റിയലിസം പക്വത കൈവിടാതെ ഒരു മുഖ്യധാര സിനിമ അവതരണശൈലിയാക്കിയപ്പോൾ താരകേന്ദ്രീകൃതമാകാതെ ഒരാളിലേക്കുമാത്രം കാഴ്ച ഊന്നാതെ കുമരങ്കരിയുടെ അനുഭവത്താളാകുന്നു ആമേൻ. താളവർണ്ണഭയലഹരിയിൽ ഭ്രമാത്മക ഭാവനയുടെ അതിസൗന്ദര്യം ഫാന്റസിയുടെ തേര് ഇറങ്ങിയാണ് ഓരോ കഥാപാത്രവും ക്യാമറയ്ക്ക് മുന്നിൽ വരുന്നത്.

സിനിമയുടെ തുടക്കംമുതലേ മായക്കാഴ്ചകൾകൊണ്ട് സമ്പന്നമാണ്. എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും മരിച്ചുപോയ അപ്പച്ചനും മാലാഖമാരും എത്തുന്നുണ്ട്. അയഥാർത്ഥമാണെന്ന് ഒരിക്കലും അത് അനുഭവപ്പെടുന്നുമില്ല. ഇങ്ങനെ യഥാർത്ഥമായ അന്തരീക്ഷത്തിലാണ് അസംഭവ്യമായതെല്ലാം സംഭവിക്കുന്നത്. കുന്നിക്കുരു കളിക്കുന്ന മാലാഖമാരെയും കാപ്പി ഇട്ടു നൽകുന്ന മാലാഖമാരെയും കാണുമ്പോൾ അത് യഥാർത്ഥമാണെന്ന തോന്നൽ ഉണ്ടാകുന്നു. വിചിത്രമായത് എന്തോ ഒന്നാണെന്ന് തോന്നലുളവാകുന്നില്ല. ചുക്ക് കാപ്പി ഇടുകയും കുന്നിക്കുരു കളിക്കുകയും ചെയ്യുന്ന മാലാഖമാരും തെങ്ങിൽനിന്ന് കുമരങ്കരിയുടെ നന്മയും തിന്മയും കാണുന്ന കള്ളുചെത്തുകാരനും അതുവരെ കാണാത്ത ലോകമാണെന്നു പറയാം. സിനിമയുടെ കഥാഗതിയിൽ വഴിത്തിരിവുണ്ടാകുന്നത് ഫാദർ വിൻസന്റ്

വട്ടോളിയുടെ കടന്നുവരവോടെയാണ്. ഫാദർ വട്ടോളി ആദ്യം പ്രത്യക്ഷപ്പെടുന്നത് ബോട്ടിലാണ്. അക്കൊല്ലത്തെ ബാന്റ് മത്സരത്തിൽ വിജയംനേടി സോളമൻ ശോശന്നയെ സ്വന്തമാക്കിയതിനുശേഷം സിനിമ അവസാനിക്കുമ്പോൾ മദാമ്മയ്ക്ക് ഉണ്ടാകുന്ന അമ്പരപ്പ് തന്നെയാണ് സിനിമ കണ്ട പ്രേക്ഷകനും ഉണ്ടാകുന്നത്. മിഥ്യ ഏത് സത്യം ഏത് എന്നു തിരിച്ചറിയാനാകാത്ത ഒരു മായികലോകത്തു വെച്ചാണ് സിനിമ അവസാനിക്കുന്നത്. വട്ടോളി അച്ചൻ പുണ്യാളന്റെ പ്രതിരൂപമായിരുന്നു എന്ന് കുമരങ്കരിയും പ്രേക്ഷകരും തിരിച്ചറിയുന്നു. തെങ്ങിൻ മുകളിലേക്ക് കയറിപ്പോകുന്ന ആളും പുണ്യാളന്റെ പ്രതിരൂപമാണ്. കുമരങ്കരി ഗ്രാമത്തിൽ ഉണ്ടാകുന്ന എല്ലാ കാര്യങ്ങളിലും അയാൾ സാക്ഷിയാവുന്നുണ്ട്. പുണ്യാളന്റെ പ്രതിരൂപമായി എത്തുന്ന വട്ടോളി അച്ചൻ പ്രവർത്തിക്കുന്നതെല്ലാം പുണ്യാളന്റെ ഇച്ഛപ്രകാരമാണ്, ആ നാടിനെ നേർവഴിയിൽ എത്തിക്കാൻ പുണ്യാളൻ അവതരിച്ചതാണ് വട്ടോളി അച്ചന്റെ വേഷത്തിൽ എന്ന തിരിച്ചറിവിൽ സിനിമ അവസാനിക്കുന്നു. തോറ്റുകൊണ്ടേയിരിക്കുന്ന ബാന്റ് സംഘത്തെ വിജയിപ്പിച്ചും സോളമന്റെയും ശോശന്നയുടെയും പ്രണയം സാധ്യമാക്കിയും പള്ളി പൊളിക്കാൻ കാരണം കണ്ടെത്തുന്നവർക്ക് വെളിപാട് നൽകി തിരുത്തിയും ഫാദർ വട്ടോളി നാട്ടുവിടുമ്പോൾ അത് വിശുദ്ധിയുടെ വഴിചൂണ്ടാനെത്തിയ പുണ്യാളന്റെ ഇടപെടലാകുന്നു. അസംഭവ്യമായതിനെ സാധാരണ സംഭവം എന്ന നിലയിൽ അവതരിപ്പിക്കുന്നതാണ് മാജിക്കൽ റിയലിസം. പുണ്യാളൻ മനുഷ്യനായി അവതരിക്കുക എന്നത് വിശ്വസിക്കാൻ സാധിക്കില്ലാത്തതും സംഭവിക്കാൻ ഇടയില്ലാത്തതുമാണ്. എന്നാൽ ആമേനിൽ അത് സംഭവിക്കുന്നു. അവിശ്വസനീയമായ കാര്യങ്ങൾ വിശ്വസനീയമായി അവതരിപ്പിക്കുകയാണ് ആമേൻ. കുമരങ്കരി എന്ന ഗ്രാമമാണ് സിനിമയുടെ പശ്ചാത്തല ഭൂമിക. ഇരുട്ടിന്റെ വശ്യതയിലാണ് പ്രധാന സംഭവങ്ങളെല്ലാം അരങ്ങേറുന്നത്. ഇരുട്ടൊരു ഉപകരണമാണ് ഇത്തരം സിനിമകൾക്ക്. കായലും കായലോരവും എല്ലാം ഇരുട്ടിൽ ഒരു മാർക്കേസിയൻ ലാൻഡ് ആയി മാറുകയാണ്. ഒറ്റ ഷോട്ടിലെ ഷാപ്പ്, പാട്ട്, രാത്രികാലത്തെ തോണി യാത്രകൾ, കുർബാന ഇങ്ങനെ നിരവധി രംഗങ്ങൾ സിനിമയുടെ വശ്യതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മലയാള സിനിമയിലെ നവ്യമായ ഒരു അനുഭവമാകുന്നു ആമേൻ. ഈ സിനിമ കണ്ടുകഴിഞ്ഞാലും കണ്ണുകളിൽനിന്നു മറയാതെ ഓരോ രംഗവും നിൽക്കുന്നതിന്റെ രഹസ്യവും ഈ ആഖ്യാനശൈലി തന്നെയാണ്. മലയാള സിനിമയെയും പ്രേക്ഷകരെയും നവ്യവും മാന്ത്രികവുമായ ഒരു അനുഭവതലത്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് ഈ സിനിമ ചെയ്തത്.

ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനംചെയ്ത് രണ്ടായിരത്തി പതിനെട്ടിൽ ഇറങ്ങിയ സിനിമയാണ് ഈ. മ. യൗ. ഈശോ മറിയം ഔസേപ്പ് എന്നതിന്റെ ചുരുക്ക രൂപമാണിത്. ക്രിസ്ത്യൻ വീടുകളിൽ മരണസമയത്ത് ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥനയാണിത്. ഒരു സാധാരണക്കാരന്റെ അതിലേറെ സാധാരണമായ ഒരു മരണമാണ് സിനിമയുടെ ഇതിവൃത്തം. കൊച്ചിയിലെ ചെല്ലാനം എന്ന പ്രദേശത്താണ് കഥ നടക്കുന്നത്. മരണത്തിലൂടെയും മരണവീടിന്റെ പരിസരങ്ങളിലൂടെയുമാണ് കഥ വികസിക്കുന്നത്. ഈ സിനിമയിലെ ഓരോ രംഗങ്ങളും പ്രേക്ഷകനു സമ്മാനിക്കുന്നത് അതുവരെ മലയാള സിനിമ അനുഭവിച്ചിട്ടില്ലാത്ത അനുഭവമാണ്. യാഥാർത്ഥ്യംപോലെ തോന്നുന്ന സ്വപ്നാനുഭവങ്ങളാണ് സിനിമ മുഴുവനും. സിനിമയുടെ പശ്ചാത്തലം ഇരുട്ട് തന്നെയാണ്. സ്വപ്നാനുഭവങ്ങളാണ് സിനിമയിൽ പരക്കെ നിറഞ്ഞുനിൽക്കുന്നത്. സിനിമ ആരംഭിക്കുന്നത് ഒരു വൈകുന്നേരത്തോടുകൂടിയാണ്. എവിടെയോ പോയ വാവച്ചൻ മേസ്തിരി ഇരുട്ടുതിങ്ങിയ ഒരു വൈകുന്നേരത്ത് തിരിച്ചെത്തുന്നിടത്തുനിന്നാണ് സിനിമ തുടങ്ങുന്നത്. തന്നെ ഇരുന്നു സംസാരിക്കുന്ന വാവച്ചൻ മേസ്തിരി ആദ്യം തന്നെ കാണികളിൽ ഉണർത്തുന്നത് അസാധാരണമായ ഒരു അനുഭവമാണ്. അപ്പന്റെ മരണംപോലെ രാജകീയമായ മരണം തനിക്കും വേണമെന്ന് പറയുന്നുണ്ട് അങ്ങനെ തന്നെ ചടങ്ങുകൾ ഗംഭീരമാകും എന്ന് ഈശി വാക്ക് കൊടുക്കുന്ന രാത്രിതന്നെ മേസ്തിരി മരിക്കുകയാണ്. കൊടുത്ത വാക്ക് പാലിക്കാനുള്ള ഈശിയുടെ ശ്രമങ്ങൾ, മരണവീട്ടിലെ രംഗങ്ങൾ എന്നിവയെല്ലാം അങ്ങേയറ്റം യാഥാർത്ഥ്യമായാണ് അവതരിപ്പിച്ചിരിക്കുന്നത്. മരണത്തിന്റെ തണുപ്പിനെ മരണത്തോളം ആത്മാർത്ഥമായി തൊട്ടറിയാം ഈ ചിത്രത്തിൽ. തുടർന്നുള്ള രംഗങ്ങൾ എല്ലാംതന്നെ ഒരു വേറിട്ട അനുഭവമാണ് പ്രേക്ഷകനിൽ ഉണർത്തുന്നത്. സിനിമ തുടങ്ങുമ്പോൾ സാങ്കേതികകാര്യങ്ങൾ എഴുതിക്കാണിക്കുന്നത് ഒരു ശവമടക്കിന്റെ പശ്ചാത്തലത്തിലാണ്. ആലവട്ടവും വെഞ്ചാമരവും ബാന്റ് മേളവും മെത്രാനച്ചന്റെ അകമ്പടിയും എല്ലാമുള്ള വലിയൊരു ശവമടക്കാണത്. ഇതുപോലൊരു ശവമടക്കാണ് വാവച്ചൻ മേസ്തിരി ആഗ്രഹിക്കുന്നത്, ഇത് നടത്താനുള്ള മകൻ ഈശിയുടെ ശ്രമം മാത്രമാണ് സിനിമ. പക്ഷേ ഈയൊരു ചെറിയ കാര്യത്തിലൂടെ സിനിമ മുന്നോട്ടുവയ്ക്കുന്നത്

 ISSN No: 3049-0316


അതീന്ദ്രിയമായ അനുഭവങ്ങളാണ്. ഇരുട്ടിലാണ് സിനിമയുടെ മുക്കാൽ ഭാഗവും നടക്കുന്നത് അരണ്ട ഒരു വെളിച്ചത്തിൽ സിനിമ അനുഭവിപ്പിക്കുന്നത് മാർക്കേസിയൻ ലാൻഡ്സ്കേപ്പ് ആണ്. കടലിന്റെ സാന്നിധ്യം സിനിമയുടെ പല സന്ദർഭങ്ങളിലുമുണ്ട്. സിനിമയുടെ ഓരോ സംഭവങ്ങൾക്കനുസരിച്ച് കടൽ രൂപം മാറുന്നുണ്ട്. ക്ഷോഭിക്കുകയും ആർത്തിരമ്പുകയും ചെയ്യുന്നുണ്ട്. ലാറ്റിനമേരിക്കൻ സിനിമാ ശൈലിയെ അനുസ്മരിപ്പിക്കുന്ന മലയാളത്തിന്റെ ചലച്ചിത്രസംസ്കാരത്തിൽ പുനരെഴുത്ത് നടത്തുകയാണ് ലിജോ ജോസ് പെല്ലിശ്ശേരി. നമ്മുടെ കാഴ്ചയേയും മനസ്സിനെയും കൈപിടിക്കുന്നത് മലയാളി അന്നോളം കണ്ടിട്ടില്ലാത്ത ആവിഷ്കാരതലത്തിലേക്കാണ്. മരണവീട്ടിൽ നിന്നുയരുന്ന വിലാപങ്ങളും മരണവാർത്ത അന്വേഷിക്കാൻ വിളിക്കുന്ന ഫോൺകോളുകളുടെ ബെൽ ശബ്ദവും  ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കുകയാണ്. യാഥാർത്ഥ്യം  എന്ന കണക്കെ സ്വപ്നതുല്യമായ ഓരോ രംഗവും മനസ്സിൽ പതിയുകയാണ്. മിന്നിക്കൊണ്ടിരിക്കുന്ന ട്യൂബ് ലൈറ്റ് ഇരുട്ടിന്റെ പശ്ചാത്തലത്തിന് ഭാവതീവ്രത കൂട്ടുകയാണ്. സിനിമയുടെ ആദ്യപകുതി മുഴുവനും രണ്ടാംപകുതിയുടെ മുക്കാൽ ഭാഗവും ഇരുട്ടിൽ തന്നെയാണ് ചിത്രീകരണം. പകൽ ദൃശ്യങ്ങൾ വളരെ കുറവാണ്. അലൗകികമായ ഒരു അനുഭവമാണ് ഓരോ രംഗത്തിലും ഉണ്ടാവുന്നത്. നിർവചിച്ചെടുക്കാൻ കഴിയാത്തവിധമുള്ള എന്തൊക്കെയോ കെട്ടുപിണഞ്ഞു കിടക്കുന്ന രീതിയിലുള്ള അനുഭവമാണ് ഉളവാകുന്നത്. ചിത്രത്തിൽ ശവമടക്ക് നടത്താൻ കഴിയാത്ത സന്ദർഭത്തിൽ ഈശിയിൽ ഉണ്ടാകുന്ന മാറ്റം സ്വപ്നമെന്നോ യാഥാർത്ഥ്യമെന്നോ തിരിച്ചറിയാൻ സാധിക്കാത്തതാണ്. തനിയെ ഇരുന്ന് സംസാരിക്കുന്ന അപ്പൻ തന്നെയായി മാറുകയാണ് ഈശി. ശക്തമായ മഴയാണ് ഈ സന്ദർഭത്തിന്റെ പശ്ചാത്തലം, കാണുന്ന സംഭവങ്ങൾക്ക് അലൗകിക തലം നൽകാൻ ഈ മഴയ്ക്ക് കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥമായ അന്തരീക്ഷത്തിൽ തന്നെയാണ് മാന്ത്രികത ഉണർത്തുന്ന എല്ലാ സംഭവങ്ങളും അരങ്ങേറുന്നത്. വാവച്ചൻ മേസ്തിരിയുടെ അപ്പന്റെ വിപുലമായ ശവമടക്ക് യാത്ര കാണിച്ചുകൊണ്ട് തുടങ്ങുന്ന സിനിമ അവസാനിക്കുന്നതും നമുക്ക് നിർവചിക്കാൻ കഴിയാത്ത രംഗത്തിലാണ്. തുടക്കത്തിൽതന്നെ പശ്ചാത്തലം കടലാണ്. സിനിമ അവസാനിക്കുന്നതും കടലിന്റെ പശ്ചാത്തലത്തിലാണ്. സിനിമയുടെ തുടക്കത്തിൽ ചീട്ട് കളിക്കാൻ പോകുന്ന രണ്ടുപേരെ കാണാം. സിനിമയുടെ ഒടുവിലും പ്രധാനപ്പെട്ട സന്ദർഭങ്ങളിലുമെല്ലാം അവരെ കാണാം.  അവരുടെ ചീട്ടുകളിയിലൂടെ കാണിക്കുന്നത് ആത്മാവിന്റെ പങ്കുവയ്ക്കലാണ്. ഒരു മരണവും അതിന്റെ സ്വാഭാവികമായ തുടർച്ചയും ഏതുകാലത്തേക്കും ഏതു ദേശത്തേക്കും ഇണങ്ങുംവണ്ണമാണ് ഈ ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. സിനിമയുടെ ദൃശ്യപരിചരണമികവാണ് ഈ സിനിമയ്ക്ക് ഇത്രത്തോളം മിഴിവ് നൽകിയത്. ഇരുണ്ട നിറങ്ങളും കടലിനും പ്രദേശങ്ങൾക്കും വീടിനുള്ളിലെ അന്തരീക്ഷത്തിലും നൽകുന്ന വെളിച്ചവും എല്ലാം ലാറ്റിൻ അമേരിക്കൻ സിനിമകളെ ഓർമ്മപ്പെടുത്തുന്നവയാണ്. സിനിമയുടെ എൻപത് ശതമാനം രാത്രി ദൃശ്യങ്ങളാണ്. കാണിക്കുന്ന പകൽ ദൃശ്യങ്ങളിൽ ആർത്തലയ്ക്കുന്ന മഴയാണുള്ളത്. വാവച്ചന്റെ മരണത്തിനു മുൻപും ശക്തിയായ കാറ്റും നായയുടെ ഓരിയിടലും കേൾക്കാം. കുഴിവെട്ടുകാരൻ കുഴിവെട്ടുമ്പോഴും മഴയുടെ വരവാണ് കാണിക്കുന്നത്. ഇങ്ങനെ മരണത്തിനുമുമ്പായി അതിനുള്ള സൂചനകൾ നൽകപ്പെടുന്ന ആർത്തലച്ച് പെയ്യുന്ന മഴയും മാന്ത്രികമായ ഒരന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്. മഴയിലാണ് ഈശി സമനില തെറ്റിയത് പോലെ അപ്പനെ കുഴിവെട്ടി അടക്കുന്നത്. കാണികളെല്ലാം ആ മാന്ത്രികവലയത്തിൽ അകപ്പെടുകയാണ്. സിനിമയുടെ ഒടുവിൽ മരിച്ച വാവച്ചൻ മേസ്തിരിയെയും കുഴിവെട്ടുകാരൻ സൈമണെയും കൊണ്ടുപോകാൻ വരുന്ന നൗകകൾ പ്രേക്ഷകനെ വീണ്ടും മാന്ത്രികമായ തലത്തിന്റെ ആഴത്തിലേക്ക് എത്തിക്കുകയാണ്. കടലിന്റെ തീരത്ത് ഇരുട്ടിൽ മരിച്ച വാവച്ചൻ താറാവിനെയും സൈമൺ പട്ടിയെയും കൊണ്ട് നിൽക്കുകയാണ് അവർക്ക് ഇരുവശമായി കറുത്ത വസ്ത്രം ധരിച്ച ഒരാളും വെള്ള വസ്ത്രം ധരിച്ച ഒരാളും എന്തിനെയോ പ്രതീക്ഷിച്ച് നിൽക്കുകയാണ്. അപ്പോൾ കടലിന്റെ ഇരുവശത്തുനിന്നും ഓരോ നൗകകളിൽ വെള്ള വസ്ത്രധാരികളും കറുത്ത വസ്ത്രധാരികളും ആയ കുറച്ചുപേർ വരുന്ന ഇതോടെയാണ് സിനിമ അവസാനിക്കുന്നത്. സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും പ്രതീകാത്മക രൂപങ്ങളായി അവ മാറുകയാണ്. മരിച്ച മനുഷ്യൻ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോകുന്ന എന്ന വിശ്വാസം പ്രതിനിധാനം ചെയ്യുന്ന രംഗമാണ് ഇത്. കാണുന്നവർക്ക് ഇത് സംഭവ്യമാണോ എന്ന ചിന്ത ഉണ്ടാവാത്ത വിധത്തിൽ അസംഭവ്യമായ കാര്യങ്ങൾ ഈ സിനിമയിൽ അവതരിപ്പിക്കുന്നുണ്ട്. ഇരുട്ടാണ് ഈ ചിത്രത്തിലെ പ്രധാന കഥാപാത്രം എന്ന് നിസ്സംശയം പറയാൻ കഴിയും ഈ.മ.യൗ.വിൽ മാജിക്കൽ റിയലിസത്തിന്റെ സാധ്യത ലിജോ ജോസ് പെല്ലിശ്ശേരി പരീക്ഷിക്കുന്നത്

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


കൗതുകകരമാണ്. കടലോരത്തെ ചില മനുഷ്യർക്ക് സവിശേഷസ്വഭാവങ്ങൾ നൽകുമ്പോൾ അതിൽ രണ്ടു മനുഷ്യർ ചുറ്റുപാടുകളെ മറന്ന് സദാസമയം ചീട്ടുകളിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇരുടരുന്നു. ഒരു ദിവസം ആ ദേശത്ത് സംഭവിക്കുന്ന മരണങ്ങളും ദിനാന്തത്തിൽ അവരെ വഹിച്ച് കൊണ്ടുപോകാൻ തീരത്ത് എത്തുന്ന രണ്ടു നൗകകളും ഈ മാജിക്കിന് ദൃഷ്ടാന്തമാണ്. ഈ. മ. യൗ എന്ന സിനിമ മലയാള സിനിമയ്ക്ക് ഒരു നവ്യാനുഭവം തന്നെയാണ്. മാജിക്കൽ റിയലിസം എന്ന രചനാ തന്ത്രത്തെ സിനിമയിൽ പരീക്ഷിച്ച് വിജയിപ്പിക്കുകയാണ് ഈ സിനിമയിലൂടെ സംവിധായകൻ. ഈ സിനിമ മരണംപോലെ തന്നെ സത്യസന്ധമായി തീരുന്നു. മരണം എത്രത്തോളം യാഥാർഥ്യമാണോ അത്രത്തോളം തന്നെ യാഥാർത്ഥ്യമായി മാറുന്ന സിനിമയും.

ആമേൻ, ഈ.മ.യൗ. എന്നീ സിനിമകളിൽ യാഥാർത്ഥ്യവും മിഥ്യയും ഇടകലർന്ന രീതിയിൽ മാജിക്കൽ റിയലിസം ആവിഷ്കരിച്ചിരിക്കുന്നു. പ്രേക്ഷകന് താൻ കാണുന്നത് യാഥാർത്ഥ്യമാണോ അയാഥാർത്ഥ്യമാണോ എന്നു തിരിച്ചറിയാൻ സാധിക്കാതെ വരികയും അയാഥാർത്ഥ്യമായതിനെ വിശ്വസിക്കുകയും ചെയ്യേണ്ടിവരുന്നു. മലയാളസിനിമയ്ക്ക് ഒരു നവ്യാനുഭവമായി ഈ സിനിമകൾ മാറുന്നു.

## സഹായക ഗ്രന്ഥങ്ങൾ

കൃഷ്ണൻനായർ, എം, 1995 മാജിക്കൽറിയലിസം, പ്രിന്റ് പബ്ലിക്കേഷൻ, തിരുവനന്തപുരം.
പത്മകുമാർ, മുഞ്ഞിനാട്ട്, 2011, ഗബ്രിയേൽ ഗാർസിയ മാർക്കേസ്, പാപ്പിറസ് ബുക്ക്സ്, തൃശ്ശൂർ.
Breton, Andre, 1974, Surrealist Manifesto, Bracken Books, London.
Bowers, M. A.,2004, Magical Realism, Orbis Books, London.
Carpenter, Alejo, 1995, On the Marvelous Real in America, Bantam Books, Newyork.
Marquese, Garcia, Gabriel, 1983,Chronicle of a Death Untold, La oveja Negra Publications, Newyork.
Roh, Franz, 1968,Post Expressionism, Greenwich Publication Newyork.